**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**08 JUNE 2018 (23 RAMADAN 1439 AH)**

# "THE LAILATUL QADR & THE IMPORTANCE OF ZAKAAT"

# ലൈലത്തുൽ ഖദ്റും സക്കാത്തിന്റെ പ്രധാന്യവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ലൈലത്തുൽ ഖദ്റും സക്കാത്തിന്റെ പ്രധാന്യവും** എന്ന വിഷയത്തെ ആസ്പ ദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശുദ്ധഖുർ ആനിൽ അല്ലാഹു(ത) പറയുന്നു

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. സത്യമായും നാം ഇതിനെ (ഖുർആനെ) നിർണ്ണയ രാവിൽ അവതരിപ്പിച്ചിരിക്കുന്നു.
3. നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം
4. നിർണ്ണയരാവ് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.
5. അതിൽ മലക്കുകളും ആ പരിപൂർണ്ണാത്മാവും തങ്ങളുടെ നാഥന്റെ അനമതിയോടെ സകലം കല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്.
6. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാതോദയം വരെ (97:1-6)

റമദാൻ മാസം സമാഗതമാകുമ്പോൾ, മുസ്ലിംകൾ വളരെ താത്പര്യത്തോടെ, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനുള്ള ആരാധനയിൽ

മുഴുകുന്നു. പ്രസ്തുത മാസത്തിലെ ഇമ്പാദത്ത് ഫർസ് ആയ കാര്യങ്ങളും, സുന്നത്ത്, നഫ്ൽ ആയ കാര്യങ്ങളും അതിൽ ഉൾപ്പെടുന്നു. ആരാധകരെക്കൊണ്ട് പള്ളികൾ നിറയുന്നു. അൽഹംദുലില്ലാഹ്! എന്നാൽ ഇൻശാ അല്ലാഹ്! റമദാന് ശേഷവും ഈ താത്പര്യം നിലനിർത്തേണ്ടത് അനിവാര്യമാണ്. ഈ അനുഗ്രഹീതമാസത്തിൽ അശരണരേയും ആലംബഹീനരേയും സഹായിക്കുവാനുള്ള വാഞ്ച തീർച്ചയായും വളരെയധികം പ്രാധാന്യമർഹിക്കുന്ന കാര്യം തന്നെയാണ്.

ഈ മാസത്തിൽ ലൈലത്തുൽ ഖദ്ർ രാത്രിയും നമുക്ക് ലഭിക്കുന്നു. നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ്(സ) യുടെ തിരുവചന പ്രകാരം, പ്രസ്തുത രാത്രിയിലെ ഇബാദത്ത് ആയിരം മാസത്തെ ഇബാദത്തിനെക്കാൾ പ്രതിഫലദായകമാണ്. ഇതൊക്കെ നാം ശരിക്കും ഒന്നു കണക്കുകൂട്ടിയാൽ, എണ്ണത്തിൽ പിശകൊന്നും വരുത്താതിരുന്നാൽ 83 വർഷവും, 4മാസവും ആയി കണക്കാക്കാവുന്നതാണ്. ഇന്നത്തെ മനുഷ്യന്റെ ജീവിതകാലദൈർഘ്യം പരിഗണിച്ചാൽ, അവന്റെ മുഴുജീവിതത്തിലും അധ്വാനിച്ചാലും ഇത്രയും പ്രതിഫലം ആർജ്ജിക്കുവാൻ സാധിക്കുകയില്ല. അതവൻ പകലും രാത്രിയിലും പരിശ്രമിച്ചാൽ പോലും!

പ്രസ്തുത രാത്രിയുടെ പിന്നിൽ ഒരു കഥയുണ്ട്. സംസൂൺ (റ) എന്ന് പേരുള്ള ഒരാൾ ഇസ്രായീൽ ഗോത്രത്തിൽ, വളരയധികം ഇബാദത്തിൽ മുഴുകി കഴിഞ്ഞിരുന്ന ആളായിരുന്നു. അവിശ്വാസികൾക്കെതിരിൽ അദ്ദേഹം ധീരമായി പോരാടി. സത്യനിഷേധികൾ അദ്ദേഹത്തെ വളരെയധികം ഭയന്നു. അല്ലാഹു(ത) അദ്ദേഹത്തിന് അത്തരം ശക്തിപ്രദാനം ചെയ്യുകയുണ്ടായി. അദ്ദേഹത്തെ പരാജയപ്പെടുത്തുവാൻ സത്യനിഷേധികളുടെ സൈന്യത്തിനുപോലും കഴിഞ്ഞില്ല. അഥവാ അദ്ദേഹത്തെ മുറിവേല്പിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത സംസൂൺ(റ) ന്റെ ജീവിതത്തിൽ വളരെ രസകരമായ ഒരു കഥയുണ്ട്! അത് അദ്ദേഹത്തിന് അല്ലാഹുവിലുള്ള വിശ്വാസത്തെ സംബന്ധിച്ചായിരുന്നു. അദ്ദേഹത്തിന്റെ ധൈര്യത്തെക്കുറിച്ചായിരുന്നു. അദ്ദേഹം നേടിയ ശക്തിയെ കുറിച്ചായി

രുന്നു. അദ്ദേഹം ആയിരം മാസമൊക്കെ ഒരേ നിലയിൽ ജിഹാദ് ചെയ്യുവാൻ തയ്യാറുള്ള ആളായിരുന്നു. അല്ലാഹുവിന്റെ ദൂതനായ ഹസ്രത് മുഹമ്മദ് (സ) ബനൂഇസ്രായിലിൽപെട്ട പ്രസ്തുത അസാധാരണ മനുഷ്യന്റെ കഥ ജിബ്റീൽ (അ) ൽനിന്ന് അറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ചിന്ത തന്റെ ഉമ്മത്തിനെ കുറിച്ചായിരുന്നു. റസൂൽ(സ) ചിന്തിച്ചു, ജീവിതം വളരെ ഹ്രസ്വമാണ്. സംസൂൺ(റ) ന് നല്കിയ അനുഗ്രഹങ്ങൾ, അതേ നിലയിൽ പ്രകടിപ്പിക്കുവാനുള്ള അവസരം തന്റെ ഉമ്മത്തിന് ലഭിക്കുകയില്ല എന്ന് ആശങ്കപ്പെടുകയുണ്ടായി. കാരണം സംസൂൺ(റ) ന് ആയിരം മാസം തന്റെ ഭക്തിയും വിശ്വസ്തതയും പ്രകടിപ്പിക്കുവാനുള്ള അവസരം ലഭിക്കുകയുണ്ടായി.

ഇക്കാരണത്താൽ അല്ലാഹു (ത) തന്റെ ദൂതന്റെ ആശങ്ക ദൂരികരിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ആഗ്രഹത്തെ അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഉമ്മത്തിനും ഒരു വലിയ അനുഗ്രഹം അനുവദിച്ചു നല്കുകയുണ്ടായി. അത്തരം ഒരു ആനുകൂല്യം മറ്റു സമുദായങ്ങൾക്ക് നല്കുകയുണ്ടായില്ല. അത്തരം ഒരാനുകൂല്യമാണ്, അസാധാരണ നിലയിലുള്ള അറിയിപ്പായി ലഭ്യമായ ലൈലത്തുൽഖദ്ർ അഥവാ നിർണ്ണിത രാവ്. പ്രസ്തുതരാവിലാണ് വിശുദ്ധഖുർആൻ അവതീർണ്ണമായത്, ശരിക്കും പറഞ്ഞാൽ, അല്ലാഹുവിന്റെ യഥാർത്ഥമായ വെളിപാട്, തന്റെ പ്രീയ പ്രവാചകൻ മുഹമ്മദ് (സ) ടെ മേൽ ഉണ്ടായത്.

പ്രസ്തുത രാവ് റമദാൻ മാസത്തിന്റെ അവസാനത്തെ പത്ത് രാത്രികളിലെ ഒറ്റരാവുകളിൽ അന്വേഷിക്കുവാനാണ് റസൂൽ (സ) ന്റെ അധ്യാപനം. അതായത് 21,23,25,27,29 രാവുകളിൽ. ഈ രാവിന്റെ പ്രത്യേകതയിൽപ്പെട്ടതാണ്, പ്രസ്തുത രാവ് അധികം തണുപ്പോ, അധികം ചൂടുള്ളതോ ആയിരിക്കില്ല എന്നത്. പ്രസ്തുത രാവിൽ വിശ്വാസികൾ സംതൃപ്തിയുടെ അഗാധമായ അനുഭൂതി അനുഭവച്ചറിയുന്നു.

ഞാനൊരു കണക്കുക്കൂട്ടൽ നടത്തിയിരിക്കുന്നു. നിങ്ങൾ മനസ്സിലാക്കു, ഇതൊരു വെളിപാടല്ല. ഇതു ചെലപ്പോൾ സൂക്ഷമമായും ശരിയാകണമെന്നുമില്ല സൂറ:അൽഖദ്ർ നാം പാരായണം ചെയ്യുമ്പോൾ സൂറ:അൽഖദ്റിൽ മൂന്ന് സ്ഥലത്ത് ലൈലത്തുൽ ഖദ്ർ എന്ന പദം പറയപ്പെട്ടിരിക്കുന്നു. ബിസ്മില്ലാഹിർറഹ്മാനിർറഹീം കഴിഞ്ഞ് 1,2,3 വചനങ്ങളിലാണ് അത് പറയപ്പെട്ടിരിക്കുന്നത്. ലൈലത്തുൽഖദ്ർ എന്ന് അറബിക് വാക്ക് രൂപപെട്ടിരിക്കുന്നത് 9 അക്ഷരങ്ങൾ കൊണ്ടാണ്. ഈ ഒൻപതു അക്ഷരങ്ങൾ 3 സ്ഥലത്ത് പറഞ്ഞിരിക്കുന്നു. അതിനെ 3 കൊണ്ട് ഗുണിക്കുമ്പോൾ (9X3) 27 എന്ന് കിട്ടുന്നു.

പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ അനേകം അനുചരന്മാർ അതായത് ഇബ്നുഅബ്ബാസ് (റ) ഉബയ്യിബ്ന് കഅ്ബ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ലൈലത്തുൽഖദ്ർ തീർച്ചയായും 27-ാം രാവിലാണ്. ഇതിന്റെ അടയാളത്തിൽപെട്ടതാണ് സൂര്യൻ പ്രഭാതത്തിൽ ഉദിക്കുമ്പോൾ അതിന്റെ ചുറ്റും രശ്മികൾ ഉണ്ടായിരിക്കില്ല (മുസ്ലിം, അഹ്മദ്, തിർമിദി)

ഹസ്രത് ആയിശാ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അവർ പ്രവാചകൻ (സ) യോട് ചോദിക്കുകയുണ്ടായി ലൈലത്തുൽഖദ്ർ ഏത് രാത്രിയിലാണ് എന്നറിഞ്ഞാൽ ഞാൻ എന്താണ് പാരായണം ചെയ്യേണ്ടത്, അവർ അത്തരം ഒരു രാവിനെ അഭിമുഖീകരിക്കേണ്ടി വന്നാൽ, ദൈവദൂതൻ (സ) പ്രതിവചിച്ചു. താഴെപറയുന്ന ദുആ ധാരാളമായി ചെയ്യുക. യാ അല്ലാഹ്, നീ മാപ്പുചെയ്യുന്നവനാണ്, മാപ്പിനെ നീ ഇഷ്ടപ്പെടുന്നു. അത് കൊണ്ട് നീ എനിക്കു പൊറുത്തുതന്നാലും! (തിർമിദി, ഇബ്നുമാജ,മിശ്ഖാത്ത്)

റമദാനിലെ ലൈലത്തുൽഖദ്ർ സംബന്ധമായി അനേകം തവണ ഞാൻ സംസാരിച്ചു കഴിഞ്ഞു. സമയപരിമിതി മൂലം ഇനി സക്കാത്തിനെകുറിച്ച് അല്പം സംസാരിക്കാം എന്നു കരുതുന്നു കാരണം അതും

വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്.

സക്കാത്ത് ഇസ്ലാമിലെ ഒരു സ്തംഭമാണ്. അർഹമായ ഓരോ മുസ്ലിമിന്റെമേലും അത് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഇത് ഭക്തിയുടെ ഒരു വഴിയാണ്. സാമൂഹ്യനീതി നടപ്പിലാക്കുന്നതിന് ഇത് വളരെ അത്യാവശ്യമായ ഒരു നടപടിയുമാണ്. ഇസ്ലാമിലെ പഞ്ചസ്തംഭങ്ങളിൽ ഒരു സ്തംഭമാണിത്. ഇതു സംബന്ധമായി പരിശുദ്ധ ഖുർആനിലും, തിരുഹദീസിലും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. സക്കാത്ത് എന്ന അറബിക് വാക്കിന്റെ അടിസ്ഥാന അർത്ഥം അനുഗ്രഹം, വളർച്ച, പുരോഗതിക്കായുള്ള ശുദ്ധീകരണം എന്നിങ്ങനെയാണ്. സക്കാത്ത് എന്ന വാക്ക്കൊണ്ർത്ഥമാക്കുന്നത് ധനത്തിന്റെ ഒരു ഭാഗം അല്ലാഹു നിശ്ചിച്ച പ്രകാരം, നിശ്ചയിക്കപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യലാണത്. സൂറ:അത്തൗബയിൽ, അധ്യായം 9, വചനം 60 ലും ഹദീസുകളിലും ഇത് സംബന്ധമായ കല്പനകളും, നിർദ്ദേശങ്ങളുമുണ്ട്. സക്കാത്ത് നല്കൽ ഒരു ആരാധനയാണ്, അതിലൂടെ ധനം ശുദ്ധീകരിക്കപ്പെടുന്നു, മുസ്ലിംകളുടെ ആത്മാക്കളും!

ധനശുദ്ധീകരണം കൊണ്ട്ർത്ഥമാക്കുന്നത് സാമ്പത്തിക വളർച്ചയ്ക്കായി സാധനങ്ങളുടെ കൈമാറ്റങ്ങളും നീതിപൂർവ്വമായ വിതരണവുമാകുന്നു. ആത്മശുദ്ധീകരണം കൊണ്ട്ർത്ഥമാക്കുന്നത് മുസ്ലിംകളുടെ ഹൃദയങ്ങളെ ശത്രുത, അസൂയ, സ്വാർത്ഥത, അത്യാഗ്രഹം എന്നിവയിൽ നിന്ന് മോചിപ്പിക്കലാണ്.

സക്കാത്ത് മുസ്ലിം സമൂഹത്തിന്റെ ഉന്നമനത്തിനായി ഖുർആനും, സുന്നത്തും നിർദ്ദേശിച്ചതനുസരിച്ചുള്ള ധനവിതരണ പ്രക്രിയ ആണത്. ജനങ്ങളുടെ ധനത്തിൽ നിന്നും വർഷാവസാന കണക്ക് പ്രകാരം നിശ്ചിത തുക സക്കാത്ത് ആയി പിരിച്ചെടുത്ത് അതിന് അർഹതപ്പെട്ടവർക്ക് ഈ തുകയിൽ നിന്നും എത്തിച്ചുകൊടുക്കലാണത്. ഒരു മുസ്ലിം തനിക്കും തന്റെ കുടുംബത്തിനും, മറ്റ് ആവശ്യങ്ങൾക്കും ചെലവഴിച്ച ശേഷം ബാക്കി വരുന്ന തുകയിൽ നിന്നാണ് സക്കാത്ത് കണക്കാക്കുന്നത്. വർഷാ

വസാനം 35 ഗ്രാം സ്വർണ്ണമുണ്ടെങ്കിൽ അഥവാ 595 ഗ്രാം വെള്ളിയുണ്ടെങ്കിൽ അഥവാ അതിനു തുല്യമായ തുകയുണ്ടെങ്കിൽ, അല്ലെങ്കിൽ സാധനങ്ങളുണ്ടെങ്കിൽ അവൻ 2.5% സക്കാത്ത് നല്കേണ്ടതാണ്. അതുപോലെ കാർഷിക ഉല്പന്നങ്ങൾക്കും മൃഗസമ്പത്തിനും നല്കേണ്ടതാണ്.

സക്കാത്ത് സംബന്ധമായി വിശുദ്ധഖുർആനിൽ ഏകദേശം 30 സ്ഥലങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ വചനത്തിൽ സൂചിപ്പിച്ചതുപോലെ, മിക്കയിടത്തും അത് നമസ്ക്കാരവുമായി ചേർത്താണ് പറഞ്ഞിരിക്കുന്നത്, നമസ്ക്കാരം മുറപ്രകാരം നിർവ്വഹിക്കുകയും സക്കാത്ത് നല്കുകയും ചെയ്യുന്നവർ (2:278)

അനസ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ(സ) പറഞ്ഞു. ഈലോകവാസം വെടിയുന്നവർ അല്ലാഹുവിനോട് ആത്മാർഥതയോടെ വർത്തിക്കുകയും, അവനെ മാത്രം ആരാധിക്കുകയും, ആരാധനയിൽ പങ്കു ചേർക്കാതിരിക്കുകയും ചെയ്തവർ, നമസ്ക്കാരം നിലനിർത്തുകയും ചെയ്തവർ, സക്കാത്തു നല്കുകയും ചെയ്തവർ അവർ മരണപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെടുന്ന നിലയിലായിരിക്കും (ഇബ്ന് മാജ)

തിരു ദൂതർ (സ) പറഞ്ഞു ആരെയൊക്കെ അല്ലാഹു ധനാവാന്മാരാക്കിയോ, എന്നിട്ടവർ അർഹമായ ധനത്തിന് സക്കാത്തു കൊടുക്കാതിരുന്നുവോ, പുനരുത്ഥാന നാളിൽ അവന്റെ ധനം, കൊടും വിഷമുള്ള ഒരു ആൺപാമ്പിനെപോലെ, കണ്ണിനു മുകളിൽ രണ്ടു കറുത്ത അടയാളവുമായി പ്രത്യക്ഷപ്പെടുന്നതാണ്. പ്രസ്തുത പാമ്പ് കഴുത്തിൽ ചുറ്റി പിടിക്കുകയും അവന്റെ കവിളിൽ കൊത്തിക്കൊണ്ടിരിക്കുന്നതുമാണ് എന്നിട്ടത് പറയും ഞാൻ നിന്റെ ധനമാകുന്നു, ഞാൻ നിന്റെ നിധിയാകുന്നു(ബുഖാരി)

ദൈവദൂതൻ (സ) വീണ്ടും പറഞ്ഞു സക്കാത്തുകൊടുക്കാത്തവരെ, ദൈവം വിപത്തുകൾ മൂലമോ , ക്ഷാമം മൂലമോ അഥവാ

വരൾച്ച മൂലമോ ശിക്ഷിക്കപ്പെടാതെ ഒരു ജനതയെയും, അവൻ വിട്ടുക ളയില്ല (ത്വബറാനി, ഹക്കീം, ബൈഹഖി)

ഇസ്ലാമിക് വ്യവസ്ഥയിൽ സക്കാത്തിന് വളരെ വലിയ പ്രാധാന്യമുണ്ട്. ഹസ്രത് അബൂബക്കർ (റ) പറഞ്ഞു. നമസ്ക്കരിക്കാതെയും സക്കാത്തു കൊടുക്കാതെയുമിരിക്കുന്നവരോട് ഞാൻ സമരം ചെയ്യുന്നതാണ്. സക്കാത്ത്, ധനത്തിൽ നിന്നും, നിർബന്ധമായും പിടിച്ചെടുക്കേണ്ടതുതന്നെയാണ്. അല്ലാഹുവാണെ സത്യം! അല്ലാഹുവിന്റെ ദൂതന് നല്കേണ്ട ഒരു ചെറിയ ആട്ടിൻകുട്ടി ആയാലും ശരി, അതവൻ തന്നില്ലെങ്കിൽ അതിനെ തിരിച്ചെടുക്കുന്നതിനായി ഞാൻ അവരോടു പോരാടുകതന്നെചെയ്യും (നസായീ)

ആയതിനാൽ, സക്കാത്ത് കൊടുക്കുവാൻ തയ്യാറാകാത്തവർ അവിശ്വാസികൾ പോലെതന്നെയാണ്, അവർ ഇസ്ലാമിക വിശ്വാസത്തെ നിരസിക്കുന്നവരാണ്, ഒരു മുസ്ലിം നിർബന്ധമായും സക്കാത്ത് കൊടുക്കേണ്ടതാണ്, അവൻ വസ്തുവകകളുടെ ഉടമയാണെങ്കിൽ, ധനം കൊടുക്കുവാനുള്ള കഴിവുള്ളവനാണെങ്കിൽ ! നഷ്ടപ്പെട്ടതോ, മോഷ്ടിക്കപ്പെട്ടതോ ആയ സാധനങ്ങൾക്ക് സക്കാത്ത് കൊടുക്കേണ്ടതില്ല. കാരണം ഈ ധനം നിയമപ്രകാരം ഒരു മുസ്ലിംമിന്റെ അധീനതിലുള്ളതല്ല.

ധനവർദ്ധനവ്, വളർച്ചയുമായി നേരിട്ടുബന്ധമുള്ളതാണ്. സാധനങ്ങളുടെ മേൽ സക്കാത്ത് നിർബന്ധമാക്കുന്നത്, അത് വളരാനുള്ള കഴിവുള്ളതുകൊണ്ടാണ്, ബാങ്കിലെ പണവും, കാലി സമ്പത്തും, സസ്യവൃക്ഷസമ്പത്തും, മറ്റും സാധനങ്ങളും സക്കാത്ത് പട്ടികയിൽപെടുന്നതാണ്. എന്നിരുന്നാലും വ്യക്തിപരമായ ആവശ്യത്തിന് മാറ്റിവെച്ചിരിക്കുന്ന ധനത്തിനും, താമസിക്കുന്ന വീടിനും, വീട്ടുപകരണങ്ങൾക്കും, വാഹനങ്ങൾക്കും സക്കാത്ത് നല്കേണ്ടതില്ല.

നാം സക്കാത്ത് നല്കുമ്പോൾ, നാം വളരെ സൂക്ഷ്മത പാലിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങനെ ആയാൽ നാം സക്കാത്തു നല്കേണ്ടുന്ന പട്ടികയിൽ നിന്നു ഒന്നും മറന്നുപോകാതിരിക്കും. സക്കാത്തിന്റെ കാര്യത്തിൽ അല്പം കൂടുതൽ കൊടുക്കുന്നതു നന്നായിരിക്കും. അപ്പോൾ ഒന്നും കുറഞ്ഞുപോകില്ല. ഇൻശാ അല്ലാഹ്! സക്കാത്തു നല്കുന്നതിലൂടെ, നിങ്ങളുടെ തീരുമാനങ്ങൾ പൂർത്തിയാകുന്നതാണ്. അതിലൂടെ നിങ്ങൾ ഒരു പുതിയ വരുമാനത്തിനുറവിടമായി മാറുകയാണ്. അത് നിങ്ങൾക്കും നിങ്ങളുടെ വീടിനും വേണ്ടിയാണ്. ഇതിലൂടെ നിങ്ങൾ പരിശുദ്ധരായി തീരുന്നു. നിങ്ങളുടെ കുടുംബത്തെ പവിത്രീകരിക്കുന്നു. നിങ്ങൾക്കുള്ള എല്ലാ സാധനങ്ങളും ശുദ്ധമാക്കപ്പെടുന്നു ആമീൻ സുമ്മ ആമീൻ.

എന്റെ നിഷ്ക്കളങ്കരായ, വിശ്വസ്തഅനുയായികൾ, ഹൃദയത്തിൽ അല്ലാഹുവിനെ ഭയപ്പെടുന്നവർ, അല്ലാഹുവിനെ സ്നേഹിക്കുന്നവർ, അവർക്കായി അല്ലാഹു(ത) ലൈലത്തുൽഖദ്റിന്റെ അനുഗ്രഹങ്ങൾ ചൊരിയാനായി ഞാൻ പ്രാർത്ഥിക്കുന്നു. വിശ്വാസങ്ങളിൽ ന്യൂനത സംഭവിച്ചവർക്കായും ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) നിങ്ങളുടെ മേലും ലൈലത്തുൽഖദ്റിന്റെ അനുഗ്രഹങ്ങൾ വർഷിക്കട്ടെ! അതിലൂടെ നിങ്ങൾക്കൊരു പ്രകാശം ലഭിക്കട്ടെ! അതിലൂടെ നിങ്ങളുടെ അലസതയും ആലസ്യവും നീങ്ങട്ടെ! പ്രകാശഭരിതമായ ആത്മാക്കൾ ഉടലെടുക്കട്ടെ! അങ്ങനെ ശക്തിമത്തായ ആത്മപ്രകാശത്താൽ അവർക്ക് എഴുന്നേറ്റു നില്ക്കുവാനും ലോകത്തെ അല്ലാഹുവിലേക്കു നയിക്കുവാനും സാധിക്കട്ടെ! ഇൻശാ അല്ലാഹ്! ആമീൻ.

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in